**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4627** **13.11.2019-ൽ മറുപടിക്ക്**

**മറുനാടൻ തൊഴിലാളികൾക്കുള്ള മരണാനന്തര ആനുകൂല്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേക്ക് കൊണ്ടുപോകാൻ നടപ്പിലാക്കിയ പദ്ധതി പ്രകാരമുള്ള സഹായം ലഭിക്കാനായി പ്രത്യേക അപേക്ഷ നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ് നൽകേണ്ടത്; അറിയിക്കാമോ; | (എ) | സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രത്യേക അപേക്ഷ കൂടാതെ സ്വമേധയാ തന്നെ ഇതര സംസ്ഥാന തൊഴിലാളികളുടെ മരണ വിവരം ലഭ്യമാകുമ്പോൾ ജില്ലാ ലേബർ ഓഫീസർമാർ ഭൗതിക ശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) | കേരളത്തിന് പുറത്ത് വിവിധ സംസ്ഥാനങ്ങളിൽ തൊഴിൽ എടുത്തുവരുന്ന മലയാളികൾക്ക് ഏതെങ്കിലും സംസ്ഥാനത്ത് നിന്ന് ഇത്തരത്തിലുള്ള ആനുകൂല്യം ലഭ്യമാകുന്നതായി അറിവുണ്ടോ; വിശദമാക്കാമോ? | (ബി) | ഏതെങ്കിലും തരത്തിലുള്ള പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.